# ഇ-താളുകൾ

ലിറ്റിൽ കൈറ്റ്സ് 2022-25

ജി എച്ച് എസ് എസ് തിരുവങ്ങാട്

# ആമുഖം

പ്രശസ്തരായ പല എഴുത്തുകാരും അവരുടെ ആദ്യരചനയെ കുറിച്ച് പറയുമ്പോൾ ആദ്യം ഓർക്കുന്നത് കയ്യെഴുത്ത് മാസികകളെ കുറിച്ചാണ്. എഴുത്തു മാസികയിൽ വന്ന സൃഷ്ടികൾ.......പിന്നീട് വിവരങ്ങളുടെ പടവുകൾ ഓരോന്നും ചവിട്ടി കയറുമ്പോൾ സ്‌ക്കൂൾ ജീവിതകാലത്തെ സർഗ്ഗവസന്തത്തിന്റെ മാധുര്യമുള്ള ഓർമ്മകൾ അവർക്ക് കരുത്താകുന്നു നമ്മൾക്കോരോരുത്തർക്കും പറയാനുണ്ടാകും അത്തരം ഓർമ്മകൾ. വിവരസാങ്കേതികവിദ്യ അത്ഭുതം സൃഷ്ടിക്കുന്ന പുതിയ കാലത്ത് നമ്മൾ അതിനോടൊപ്പം സഞ്ചരിച്ചു തുടങ്ങുന്നു. കഥയായി, കവിതയായി, ഓർമ്മക്കുറിപ്പായി..... നാളെയുടെ മുകളങ്ങൾ ഇവിടെ വിടരുന്നു. ലോകം നമ്മുടെ വിരൽത്തുമ്പിൽ നൃത്തം ചെയ്യുന്ന ഡിജിറ്റൽ കാലത്തിന്റെ വിസ്മയങ്ങൾ പറഞ്ഞറിയിക്കാനാവാത്തതാണ്.എഴുത്തോലയിൽ നിന്ന് അച്ചടിയിലേക്കുള്ള മാറ്റം ലോകത്ത് വിപ്ലവം സൃഷ്ടിച്ചു. പിന്നീട് പത്രങ്ങൾ,റേഡിയോ, ടിവി,ഇപ്പോൾ ഇന്റർനെറ്റ്. പ്രസാധകരോ പത്രാധിപരോ ആവശ്യമില്ലാത്ത എല്ലാവർക്കും അവരുടെ സർഗവാസനകൾ പ്രകടിപ്പിക്കാൻ കഴിയുന്ന ഒരിടം ബ്ലോഗ്, ട്വിറ്റർ,ഫേസ്ബുക്ക് നവമാധ്യമങ്ങൾ തുറന്നിടുന്ന സാധ്യതകൾ വളരെ വലുതാണ്. നന്മകൾ തിരിച്ചറിയുകയും തിന്മകളെയും കൈവെടിയുകയും വേണം. ആ നന്മയാണ് ഈ ഡിജിറ്റൽ മാഗസിൻ. തിരുവങ്ങാടിന്റെ പ്രതിഭകൾ പീലിവിടർത്തിടുന്ന "e-താളുകൾ " നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു....



# ആശംസ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ വമ്പിച്ച മാറ്റങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത് മാറിയ കാലഘട്ടത്തിനനുസരിച്ച് വിദ്യാലയങ്ങളും ക്ലാസ്റൂമുകളും ഹൈടെക് ആയി മാറിയിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥികൾ വിവരസാങ്കേതികവിദ്യയിൽ ഏറെ മുന്നിലാണ്. അതിന്റെ ഉദാഹരണം കൂടിയാണ് തിരുവങ്ങാട് സ്കൂളിലെ വിദ്യാർഥികളുടെ ശ്രമഫലമായി തയ്യാറാക്കുന്ന e-മാഗസിൻ നിങ്ങളുടെ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച ഒരു പ്രവർത്തനമാണിതെന്നു നിസ്സംശയം പറയാം. ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീ. സത്യൻ. ഇ കെ
പ്രിൻസിപ്പാൾ



# സന്ദേശം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസമേഖലയിൽ സർഗ്ഗധനരായ വിദ്യാർഥികളുടെ സർവ്വതോൻമുഖമായ കഴിവുകൾ കണ്ടെത്തി പ്രകാശിപ്പിക്കുന്നതിന് അതി നൂതനമായ പല മാർഗങ്ങൾ ഇന്ന് നിലവിലുണ്ട്. നവമാധ്യമങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന സാങ്കേതികവിദ്യയിലധിഷ്ഠിതമായ വാർത്താ മാധ്യമങ്ങൾക്ക് കൂടുതൽ പ്രചാരം സിദ്ധിക്കുകയും  ഉപയോഗിക്കുന്നതിൽ സൗകര്യം ലഭിക്കുകയും ചെയ്യുന്ന ഇക്കാലത്ത് കയ്യെഴുത്ത് മാഗസിനുകൾ ആയി മുൻകാലങ്ങളിൽ പ്രകാശിപ്പിച്ചു വന്ന രചനകൾ കൂടുതൽ ആകർഷകവും ഉപയോഗപ്രദവുമായ രീതിയിൽ പ്രകാശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. e- മാഗസിൻ എന്ന പേരിൽ അറിയപ്പെടുന്ന ഈ രീതി പിന്തുടർന്നുകൊണ്ട് നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ തയ്യാറാക്കിയ e-താളുകൾ എന്ന പതിപ്പ് അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ വരുന്ന തലമുറയ്ക്കും വളരുന്ന സാങ്കേതിക മേഖലയ്ക്കും അത്യന്തം മുതൽക്കൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു

ശ്രീമതി.രജനി ടി ടി
ഹെഡ് മിസ്ട്രെസ്സ്

# പത്രാധിപസമിതി

ചീഫ് എഡിറ്റർ : രജനി ടി ടി(ഹെഡ്മിസ്ട്രസ്)

സ്റ്റാഫ് എഡിറ്റർ : ഹരിപ്രസാദ് കടമ്പൂർ

സ്റ്റുഡന്റ് എഡിറ്റർ : ശിവാനി ബി നായർ & ആയിഷ ഫിദ എം

## പത്രാധിപസമിതി അംഗങ്ങൾ :

- പരിണിത കെ സജിത്ത്
- ദേവനന്ദ വി
- സയന എം കെ
- നാജിയ കെ പി
- സ്പന്ദന കെ ആർ
- അനന്യ കെ പി
- നിരഞ്ജന രാജ് സ

## വിഭവശേഖരണം:

- സയന എം കെ
- സ്പന്ദന കെ ആർ
- നാജിയ കെ പി
- ആയിഷഫിദ എം
- സ്വാതിക പ്രശാന്തൻ
- അനന്യ കെ പി
- പരിണിത കെ സജിത്
- ശിവാനി ബി നായർ

## സൂക്ഷ്മ പരിശോധന:

- അമൃത അജേഷ്
- നൗറസ് ആസിൻ
- ജാൻവിഗിരിഷ്
- ദേവനന്ദ എ
- ശ്രീലയ എ

## എഡിറ്റിംഗ്:

- അനന്യ കെ
- ശ്രീനന്ദ വി
- ശിവാനി ബി നായർ
- സ്പന്ദന കെ ആർ

## ടൈപ്പിംഗ്:

- ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച്

# ഉള്ളടക്കം

സന്ദേശം--------------------------------------4
മമ വിദ്യാലയഃ--------------------------------------8
തുള്ളൽ കവിത--------------------------------------9
എല്ലാം മാറ്റിമറിച്ച പുസ്തകം--------------------------------------10
എന്റെ തീർത്ഥയാത്ര-------------------------------------- 11
എന്റെ സ്വന്തം മലയാളം-------------------------------------- 13
വികൃതിയായ മഴയുടെ കഥ --------------------------------------14
വരകളിലൂടെ --------------------------------------15
രണ്ടു സുഹൃത്തുക്കൾ-------------------------------------- 16
മലയാള നാട്-------------------------------------- 17
മാതൃസ്നേഹം-------------------------------------- 18
കള്ളനും വിശ്വസ്തനായ നായയും-------------------------------------- 20
സമയം --------------------------------------21
കാലമേ നിനക്കായി --------------------------------------22
ടെക്നോളജി --------------------------------------23
പോയി മറഞ്ഞ കൂട്ടുകാരി-------------------------------------- 24
കാത്തിരിപ്പ്-------------------------------------- 25
വരകളിലൂടെ --------------------------------------26
കറുപ്പിന്റെ മിടുക്ക്-------------------------------------- 27
കാക്കക്കലഹം-------------------------------------- 28
Girl power--------------------------------------30
സ്ത്രീ ജ്വോലി --------------------------------------32
ഒരു വയനാടൻ യാത്ര --------------------------------------34
പ്രകൃതിയുടെ ഇന്ദ്രജാലം--------------------------------------37
ലിറ്റിൽ കൈറ്റ്സ്-------------------------------------- 38
ദയയുള്ള പെൺകുട്ടി --------------------------------------39
അച്ചാച്ചൻ-------------------------------------- 40
ജ്ഞാതി കൂട്ടങ്ങളുടെ ജീവിതം --------------------------------------41
SKY--------------------------------------42
കാട്-------------------------------------- 43
ഒരു ജീവിതം-------------------------------------- 44

# ജി എച്ച് എസ് എസ് തിരുവങ്ങാട്

സാംസ്കരിക കേരളത്തിന്റെ സിരാകേന്ദ്രമായ തലശ്ശേരി നഗരത്തിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു ഗവണ്മെന്റ് വിദ്യാലയമാണ് ഗവ.ഗേൾസ് എച്ച് .എസ്.എസ്.തിരുവങ്ങാട്. ഹയർ എലിമെന്ററി സ്കൂൾ എന്ന പേരിലാണ് പണ്ട് അറിയപ്പെട്ടിരുന്നത്. കുടിപ്പള്ളിക്കൂടമായി തുടങ്ങിയ ഈ വിദ്യാലയം മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലും മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലും തുടർന്നു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും പ്രവർത്തിച്ചു വന്നു. ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ് അറിവിന്റെ വെളിച്ചം ചൊരിഞ്ഞു നൂറ്റാണ്ട് പിന്നിട്ട തിരുവങ്ങാട് എച്ച് .എസ്.എസ് അഭിമാനമായി ജ്വലിച്ചു നിൽക്കുന്നു. പഴയ കോട്ടയം താലൂക്കിലെ തിരുവങ്ങാട് ദേശത്തെ ഈ വിദ്യാലയം ഹയർ എലിമെന്ററി സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. കുടിപ്പള്ളിക്കൂടമായി തുടങ്ങിയ ഈ വിദ്യാലയം മലബാർ ഡിസ്ട്രിക്റ്റ് ബോഡിന്റെ കീഴിലും മുനിസിപ്പാലിറ്റിയുടെ നിയന്ത്രണത്തിലും തുടർന്ന് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും പ്രവർത്തിച്ചു വരുന്നു. റവന്യൂ വകുപ്പിന്റെ രേഖകളിൽ -Combined List of Recognized and Aided Elimentary Schools, Thalassery West Range-1891 മുതൽ അംഗീകാരം ലഭിച്ച വിദ്യാലയങ്ങളുടെ പട്ടികയിൽ ”മുനിസിപ്പാൽ തിരുവങ്ങാട് ഹയർ എലിമെന്ററി സ്കൂൾ (സ്റ്റാൻഡേർഡ് 1 മുതൽ 8 വരെ) എന്നു ഈ വിദ്യാലയത്തെ കുറിച്ചു കാണുന്നു.1982-ൽ ഹൈസ്കൂളായും 2000-ൽ ഹയർ സെക്കണ്ടറിയായും സ്കൂൾ ഉയർത്തപ്പെട്ടു.




# മമ വിദ്യാലയഃ

മലയാളം മൂലം - ഒളപ്പമണ്ണ
സംസ്കൃതവിവർത്തനം - ഹരിപ്രസാദ് കടമ്പൂര്

ശശിനാ താരാഗണൈഃ
ശുഭ്രരശ്മിഭിഃ പൂർണ-
പൂരിതസ്യാകാശ്യാ-
ധോസ്തി മദ്വിദ്യാലയഃ

ഹ്യസ്തനം ശ്യാമാകാശം
അശ്രുഭിഃ പ്രരുദ്യാ,ദ്യ
ചന്ദ്രികാമന്ദസ്മിത-
സുന്ദരം സങ്കാശതേ



കണ്ടകദ്രുമാഗ്രേപി
സുസ്മിതം വികാശതേ
പാടലസുമം വദ-
ത്യത്രൈവ പുഷ്പോദ്യാനേ


മധുപാഃ സുമാസവ-
മധുരോന്മത്താഃ സ്വസ്യ
ജീവനം മധുമയം
ഉച്ചരന്ത്യുച്ചൈസ്തരം

കോപ്യസ്തി ഗുരുർന മേ
കേ സന്തി നാചാര്യാഃ മേ
വിശ്വേസ്മിൻ സദാ സർവൈഃ
ശാസിതോപ്യഹം കിഞ്ചിത്
*** ***

# തുള്ളൽ കവിത



എന്നാലിനിഞ്ഞാനൊരു കഥ പറയാം
മാലോരെല്ലാം കേട്ടു രസിപ്പിൻ
പല്ലുമുളക്കാക്കുഞ്ഞിൻ കൈയിലും
പല്ലുകൊഴിഞ്ഞിട്ടു വാർധക്യത്തിലും.
ഓടിനടക്കും ചെറുബാല്യത്തിലും
ഓട്ടമുറക്കാകൗമാരത്തിലും
യൗവനകാലേ മധ്യവയസ്സിലും
കൈവെടിയാത്തൊരു യന്ത്രമതുണ്ടേ
ഉണ്ടില്ലേലുമുറക്കില്ലേലും
ഉറ്റവരാരും വന്നില്ലേലും
പ്രാണൻപോലെ കൊണ്ടുനടക്കും
സെൽഫോണെന്നൊരു യന്ത്രമതാണേ.
പലപലവിദ്യകൾ കാട്ടി രസിച്ചും
പലവിധചേഷ്ടകൾ
സെൽഫിയെടുത്തും
ഇൻ്റർനെറ്റിൽ തപ്പിനടന്നും
വാട്സാപ്പ്ഗ്രൂപ്പിൽ സമയം കൊന്നും
ആളുകളെല്ലാം തമ്മിൽ മറന്നും
വീണടിയുന്നതിലെന്തൊരു കഷ്ടം............





**-ശിവാനി ബി നായർ**

**9 D**

# എല്ലാം മാറ്റിമറിച്ച പുസ്തകം

പണ്ട്, ഒരു ചെറിയ പട്ടണത്തിൽ ഒരു പുസ്തകക്കടയിലെ പൊടിപിടിച്ച അലമാരയിൽ ഒരു പുസ്തകം ഇരിക്കുന്നുണ്ടായിരുന്നു. ഈ പുസ്തകം വർഷങ്ങളായി അവിടെ ഉണ്ടായിരുന്നു, ഏകാന്തതയിൽ വീണു, മറന്നുപോയി. ഒരു ദിവസം, അലക്സ് എന്ന പേരുള്ള ഒരാൾ കടയിലേക്ക് നടന്നു, അവൻ്റെ കണ്ണുകൾ പുസ്തകത്തിലേക്ക് ആകർഷിക്കപ്പെട്ടു. അയാൾക്ക് അതിനോട് ബന്ധം തോന്നി, അത് വീട്ടിലേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു. ഈ പുസ്തകത്തിന് ഒരു മാന്ത്രിക രഹസ്യം ഉണ്ടെന്ന് അദ്ദേഹത്തിന് അറിയില്ലായിരുന്നു. അലക്സ് വായിക്കാൻ തുടങ്ങിയപ്പോൾ, അവൻ സാഹസികതയുടെയും നിഗൂഢതയുടെയും ലോകത്തേക്ക് കൊണ്ടുപോകപ്പെട്ടു. ഓരോ പേജും തിരിയുന്നത് അവൻ്റെ സ്വന്തം ജീവിതത്തിൻ്റെ ഒരു പുതിയ അധ്യായം വെളിപ്പെടുത്തി, പുസ്തകം അവൻ്റെ അഗാധമായ ആഗ്രഹങ്ങളും ഭയങ്ങളും അറിയുന്നതുപോലെ. അയാൾക്ക് അത് താഴ്ത്താൻ കഴിഞ്ഞില്ല, കഥയിൽ അവൻ ആകർഷിച്ചു. ദിവസങ്ങൾ ആഴ്ചകളായി മാറിയപ്പോൾ, അലക്സിൻ്റെ ജീവിതം മാറാൻ തുടങ്ങി. തൻ്റെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും ഭയങ്ങളെ മറികടക്കാനും ഓരോ അധ്യായത്തിലും അജ്ഞാതമായതിനെ ഉൾക്കൊള്ളാനും ഈ പുസ്തകം അവനെ പ്രചോദിപ്പിച്ചു, അവൻ കൂടുതൽ ആത്മവിശ്വാസവും പൂർത്തീകരണവും നേടി. ഏകാന്തമായ പുസ്തകം അത് തികഞ്ഞ വായനക്കാരനെ കണ്ടെത്തി, അലക്സ് ആ പേജുകളിൽ ഒരു കൂട്ടാളിയെ കണ്ടെത്തി. അവർ ഒരുമിച്ച് സ്വയം കണ്ടെത്തലിൻ്റെ ഒരു യാത്ര ആരംഭിച്ചു, മറഞ്ഞിരിക്കുന്ന കഴിവുകൾ അൺലോക്ക് ചെയ്യുകയും പുതിയ അഭിനിവേശങ്ങൾ കണ്ടെത്തുകയും ചെയ്തു. പുസ്തകം അദ്ദേഹത്തിന് മാർഗനിർദേശത്തിൻ്റെ ഉറവിടമായി മാറുന്നു .അവസാനം ആ പുസ്തകം അവൻ്റെ ജീവിതത്തെ മാത്രമല്ല, ഒരു വ്യക്തി എന്ന നിലയിലും തന്നെ മാറ്റിമറിച്ചുവെന്ന് അലക്സിന് മനസ്സിലായി. കഥകളുടെ ശക്തിയെക്കുറിച്ചും അവയ്ക്ക് നമ്മുടെ ജീവിതത്തെ എങ്ങനെ രൂപപ്പെടുത്താമെന്നും അദ്ദേഹം മനസ്സിലാക്കി. അതിനാൽ, അദ്ദേഹം പുസ്തകം മറ്റുള്ളവരുമായി പങ്കിട്ടു, അതിൻ്റെ മാന്ത്രികതയും ജ്ഞാനവും ഏറ്റവും ആവശ്യമുള്ളവർക്ക് കൈമാറി.



മയൂഖ ജയന്ത് 6B

# എന്റെ തീർത്ഥയാത്ര

കണ്ണൂർ ജില്ലയിലെ ഉപജില്ല ആയ തലശ്ശേരിയിലെ കോടിയേരി എന്ന വില്ലേജിലെ കാരാൽ തരു എന്ന ഗ്രാമത്തിൽ നിന്നാണ് എന്റെ യാത്ര. എന്റെ കൂടെ അച്ഛനും അമ്മയും ഉണ്ടായിരുന്നു. യാത്രയ്ക്ക് വേണ്ടുന്ന ഡ്രസ്സുകൾ എല്ലാം ഞങ്ങൾ ബാഗുകളിൽ ഒരുക്കിവെച്ചു കുറച്ചു കുടിക്കാനുള്ള വെള്ളവും മരുന്നും കരുതിയിരുന്നു. ഞങ്ങൾ ഒരു ബസ്സിലാണ് യാത്ര പുറപ്പെടുന്നത്. ബസ്സിൽ 50 പേർ ഉണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ വീട്ടിൽ നിന്ന് ഭക്ഷണവും കഴിച്ച് രാത്രി 7 മണിക്ക് ഞങ്ങൾ പുറപ്പെട്ടു. ബസ്സിൽ മുതിർന്നവരും കുട്ടികളുമുണ്ടായിരുന്നു. ഒരു ഉത്സവത്തിന്റെ പ്രതീകമായിരുന്നു എനിക്ക് വളരെ സന്തോഷമായി അന്ന് രാത്രി ഞങ്ങൾ ബസ്സിൽ സുഖമായി കിടന്നുറങ്ങി. പിറ്റേന്ന് പുലർച്ചയ്ക്ക് മൂന്ന് മണിക്ക് ഗുരുവായൂരിൽ എത്തി. ക്ഷേത്രക്കുളത്തിൽ പോയി മുങ്ങിക്കുളിച്ചു. നല്ല തണുപ്പുണ്ടായിരുന്നു പല്ലുകൾ തമ്മിൽ കൂട്ടിയടിക്കുന്ന ഒച്ച കേൾക്കാമായിരുന്നു അങ്ങനെ തണുത്ത വിറച്ച് ഒരു വിധം കുളിച്ചു. ഗുരുവായൂർ അമ്പലത്തിൽ ഭയങ്കര തിരക്കായിരുന്നു അങ്ങനെ ക്യൂ മെല്ലെ മെല്ലെ നീങ്ങി ആറുമണിക്ക് ഭഗവാനെ കണ്ടു. പുറത്തിറങ്ങി അതിനുശേഷം പുഷ്പാഞ്ജലിയും, അവിൽ വെണ്ണ പഴം എന്നിവ എൻറെയും അച്ഛന്റെയും അമ്മയുടെയും പേരിൽ കഴുപ്പിച്ചു. അതിനുശേഷം എല്ലാവരും ദർശനം കഴിഞ്ഞ് വന്നപ്പോൾ 8 മണിയായി. 8 15 ആയപ്പോൾ ഞങ്ങൾ പഴനിയിലേക്ക് യാത്ര പുറപ്പെട്ടു. ബസ്സിന്റെ സൈഡ് സീറ്റിൽ ആണ് ഞാൻ ഇരുന്നത് പുറമെ നല്ല കാഴ്ചകൾ ആയിരുന്നു. എന്ത് ഭംഗിയാണ് അതു കാണാൻ. നല്ല പച്ചപ്പാടങ്ങൾ, നല്ല നെൽവരമ്പുകൾ , കരിമ്പിൻ തോട്ടങ്ങൾ, മഞ്ഞ സൂര്യകാന്തി പൂക്കൾ, സൂര്യകാന്തി പൂക്കൾ വിരിഞ്ഞു നിൽക്കുന്നത് കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. എനിക്ക് ഭയങ്കര ഇഷ്ടമായിരുന്നു. ഇത്രയും

പൂക്കൾ വിടർന്ന് നിൽക്കുന്നത് ജീവിതത്തിൽ ആദ്യമായിട്ടാണ് കാണുന്നത്. റോഡിന്റെ ഇരുവശങ്ങളിലും മരങ്ങൾ വെച്ച് പിടിപ്പിച്ചത് ബസ്സിൽ പോകുമ്പോൾ കാണാൻ നല്ല ഭംഗിയാണ്. ചെറിയ ചെറിയ വീടുകൾ കുറേയുണ്ട് .വീടെല്ലാം ഒരേ പോലത്തെ ചെറിയ വീടാണ്. അങ്ങനെ വൈകുന്നേരം ആറുമണിക്ക് പഴനിയിൽ എത്തി . അവിടെ റൂമെടുത്തു. പഴനി ക്ഷേത്രത്തിലേക്ക് പോയി പഴനിമലയിൽ പടി ആയിരുന്നു. അത് കയറി എന്റെ കാലുകൾ വേദനിച്ചു. ഞാൻ കുറച്ചു നിന്ന് നിന്നാണ് കേറിയത് ക്ഷേത്രത്തിൽ ഭയങ്കര തിരക്കായിരുന്നു അവിടെ പൈസ കൊടുക്കുന്നതും പൈസ കൊടുക്കാത്തതും ആയ ക്യൂ ഉണ്ടായിരുന്നു . 20 രൂപ കൊടുത്തു ഞങ്ങൾ ക്ഷേത്രത്തിൽ കേറി. ദർശനം കഴിഞ്ഞ് ഞങ്ങൾ പുറത്തേക്കിറങ്ങി. അമ്പലത്തിന്റെ മുകളിൽ നിന്ന് താഴോട്ട് നോക്കിയപ്പോൾ ചുറ്റുവട്ടവും പച്ച പാടങ്ങളും കെട്ടിടങ്ങളും കാണാൻ നല്ല ഭംഗിയായിരുന്നു എന്റെ മനസ്സിൽ ചിത്രം വരച്ചത് പോലെ ആയിരുന്നു. മഞ്ഞുകൾ കാർമേഘം പോലെ ഉരുണ്ട് കൂടിയത് കാണാൻ നല്ല വെളുത്ത് നല്ല ഭംഗിയായിരുന്നു . നല്ല തണുപ്പ് ആയിരുന്നു. തണുപ്പ് വക വെക്കാതെ ഞാൻ കാഴ്ചകൾ കണ്ടു ഭക്ഷണം കഴിച്ചു റൂമിലേക്ക് പോയി കിടന്നു പിറ്റേന്ന് രാവിലെ പഴനിയോട് യാത്ര പറഞ്ഞു നാട്ടിലേക്ക് തിരിച്ചു എന്റെ ജീവി ന്നു അത്.



എന്ന് - ശ്രീലക്ഷ്മി. ടി



# എന്റെ സ്വന്തം മലയാളം

എന്റെ സ്വന്തം ഭാഷ മലയാളം
എന്റെ നാടിൻ ഭാഷ മലയാളം
കാവ്യ ഭംഗ ഉതിരു മലയാളം
കവിതയായി ഒഴുകും മലയാളം
കഥയായി ഒഴുകും മലയാളം
എന്തു സുന്ദരമാണ് എന്റെ മലയാളം
മാതൃഭാഷ മാതൃസ്നേഹം
എല്ലാം തികഞ്ഞ മലയാളം
എത്ര സുന്ദരമാണ് മലയാളം
തേൻകിനിയും ഭാഷയാണ് എന്റെ മലയാളം
സുന്ദരം സുന്ദരം അതിസുന്ദരം എന്റെ സ്വന്തം മലയാളം

**- krisha. R**
**4C**






# വികൃതിയായ മഴയുടെ കഥ

മഴ,നല്ല തണുത്ത കാറ്റ് ആഹാ എന്തൊരു കുളിര്. മഴയെന്നത് ഒരു കൊച്ചു വികൃതിയെ പോലെയാണ്. മഴ നനഞ്ഞുകൊണ്ട് ആസ്വദിക്കണം. എന്നാലേ അതിന്റെ സുഖം അനുഭവപ്പെടുകയുള്ളൂ. എനിക്ക് മഴയുടെയും ജീവിതത്തിന്റെയും സന്തോഷങ്ങളുടെയും ഒക്കെ ഒരുപാട് അനുഭവങ്ങളുണ്ട്. അതിലൊരു കൊച്ചു കഥയാണ് മഴ കഥ. അതിരാവിലെ ഏകദേശം 5 മണി. തിമിർത്തു പെയ്യുന്ന മഴ. അന്ന് സ്കൂൾ തുറക്കുന്ന ദിവസമായിരുന്നു. എഴുന്നേൽക്കാൻ അല്പം മടിയായിരുന്നു. അൽപ്പമെന്നു പറയാൻ പറ്റില്ല, നല്ല മടിയായിരുന്നു. എന്റെ അമ്മ എന്നെ എഴുന്നേൽപ്പിച്ചു. പക്ഷേ സ്കൂളിൽ പോവേണ്ട എന്നായിരുന്നു എന്റെ തീരുമാനം. പുതിയ യൂണിഫോം, കുട, ബാഗ് എന്നിവയൊക്കെയുണ്ടായിരുന്നു. ചില സമയത്ത് നല്ല മഴയും ഇടയ്ക്കിടെ ദേഷ്യം പിടിപ്പിക്കുന്ന മഴയും. എനിക്ക് ദേഷ്യം പിടിപ്പിക്കുന്ന മഴയായിരുന്നു ഉണ്ടായിരുന്നത്. കാരണം വണ്ടിയെ കാത്തുനിന്ന ഞാൻ തിരികെ വരുകയാണുണ്ടായത്. അതെന്തെന്നുവെച്ചാൽ ഒരു ബൈക്ക് സ്പീഡിൽ ഓടിച്ചു പോകുമ്പോൾ ചെളി തെറിപ്പിച്ചു പോയി. അതിനാൽ എനിക്ക് മഴയോടും ബൈക്കിനോടും ദേഷ്യം ആയിരുന്നു. ഞാൻ സങ്കടത്തോടെ തിരികെ വീട്ടിലേക്ക് പോയി. എനിക്ക് വിഷമമുണ്ടായിരുന്നെങ്കിലും അമ്മ പറഞ്ഞു സാരമില്ല ഇതൊക്കെ മഴയുടെ വികൃതിയായി കണ്ടാൽ മതി. അപ്പോൾ എനിക്ക് വീണ്ടും മഴയോട് ഇഷ്ടം തോന്നി. കിടക്കയിൽ തുള്ളിച്ചാടി തിരിഞ്ഞും മറിഞ്ഞും കിടന്നു കളിച്ചു കമ്പിളി പുതപ്പിനെ കൊണ്ട് മൂടിപ്പുതച്ച് സുഖമായി കിടന്നുറങ്ങി. ഇതാണ് എനിക്ക് കൂടുതൽ ഇഷ്ടപ്പെട്ട കഥ.

ജുമാന സിഹ്റ
5 ബി




# ISHANA SATHEESH

# AASHNA SANTHOSH 8 B



# രണ്ട് സുഹൃത്തുക്കൾ

ഒരിടത്ത് ഒരു കാട് ഉണ്ടായിരുന്നു. ആ കാടിനെ മാനുകളുടെ കാട് എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. കാരണം സാധാരണ കാടുകളിൽമാനുകളെ ധാരാളമായി കാണാറില്ല. എന്നാൽ ആ കാട്ടിൽ കൂടുതലും മാനുകളാണ് താമസിച്ചിരുന്നത് ആ കാട്ടിൽ രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു.അവർ എപ്പോഴും വൈകിട്ടാണ് കാണാറുള്ളത്.ഒരു എലിയും പിന്നെ മാനുമായിരുന്നു സുഹൃത്തുക്കൾ. പതിവായി ഇവർ വൈകിട്ട് കണ്ടു വരികയായിരുന്നു. എന്നാൽ ഒരു ദിവസം മാനിന് അവളുടെ അമ്മയുടെ അടുത്ത് പോകണമായിരുന്നു.അമ്മ താമസിക്കുന്നത് കാടിന്റെ മറ്റേ ഭാഗത്താണ്. അങ്ങനെ മാൻ കുട്ടി വൈകിട്ട് അവളുടെ സുഹൃത്തായ എലിയോട് യാത്ര പറഞ്ഞിട്ട് അമ്മയുടെ അടുത്തേക്ക് യാത്രയായി. മാനിന് അവളുടെ അമ്മയുടെ അടുത്തേക്ക് പോകുന്നതിന് വളരെ സന്തോഷം ഉണ്ടായിരുന്നു എന്നാൽ എലിയെ കാണാതിരിക്കുന്നതിനാൽ സങ്കടവും ഉണ്ടായിരുന്നു അങ്ങനെ നടന്നു അടുത്ത് എത്താറായി.ആ സമയം ഒരു വേട്ടക്കാരൻ അതുവഴി വന്നു. ആ മാനിനെ കാണാൻ ഇടയായി.മാനിനെ ആ വേട്ടക്കാരൻ പിടികൂടി ഒരു വലയിൽ ആക്കി.ആ വഴി മറ്റൊരു എലി പോകാനിടയായി മാൻകുട്ടി ആ എലിയോട് സഹായം ചോദിച്ചു.ആ എലിക്ക് മാൻ കുട്ടിയോട് ദയ തോന്നി



വേട്ടക്കാരൻ മാനിനെ കെട്ടിയിട്ട വല എലി കടിച്ചു മുറിച്ചു കീറി. അങ്ങനെ മാനിനെ രക്ഷിച്ചു. മാൻ കുഞ്ഞിന് തന്നെ സഹായിച്ച എലിയോട് നന്ദി പറഞ്ഞു. പിന്നെ അവർ സുഹൃത്തുക്കളായി.രണ്ട് എലിയെ സുഹൃത്തായി കിട്ടിയ മാൻ കുഞ്ഞിന് സന്തോഷമായി.

# മലയാള നാട്



മലയാളനാടെ നിൻ
ഗർഭത്തിലാണല്ലേ
ചെറു വർണ്ണ പൂമ്പാറ്റകളാണ് നാം
ഈ ഭൂമിയിൽ ഞങ്ങൾക്കുള്ള
അവകാശം
നാം തന്നെ ചൂഷണം ചെയ്യുന്നു,
വയൽ നികത്തിയും , പ്രകൃതി
മലിനമാക്കിയും
നാം ഞങ്ങളുടെ ഭൂമിയെ
നശിപ്പിക്കുന്നു.
ചെറുവർണ്ണ പൂമ്പാറ്റകൾ പോലെ നാം
ഈ ലോകത്ത് പാറി നടക്കണം പിന്നെയും,
ജലത്തിൽ നീന്തുന്ന ചെറുമീനുകൾ
ആകാശത്തിൽ പറക്കുന്ന പല വർണ്ണ പക്ഷികൾ
പൂക്കൾ പരത്തുന്ന പല സുഗന്ധങ്ങളും
പിന്നെയും പിന്നെയും ഈ പ്രകൃതിയിൽ സുഗന്ധം പരത്തുന്നു.
കണ്ടിരിക്കേണ്ട ഒരുപാട് കാഴ്ചകൾ
കേട്ടിരിക്കേണ്ട ഒരുപാട് കാര്യങ്ങൾ
മേഘങ്ങൾ സൂര്യനും ചന്ദ്രനും
കുട്ടികളുടെ അമ്പിളിമാമനും ഒക്കെയുള്ള ഭൂമി.
മനുഷ്യന്മാരുടെ മോഹങ്ങൾ ഒരോന്നെ
സാധിക്കാൻ ആവശ്യമായ ഭൂമി.
അക്ഷരമാലകൾ പിറന്ന ഭൂമി
വിദ്യാലയങ്ങൾ പിറന്ന ഭൂമി
മലയാള നാടിന് അഭിമാനമായ് ഞങ്ങൾക്കുവേണ്ടി പിറന്ന ഭൂമി

**ദർശിനി എ**

**8 c**

# മാതൃസ്നേഹം

അമ്മതൻ സ്നേഹം പൊൻ സ്നേഹം

ആദ്യാക്ഷരം പഠിപ്പിച്ചെന്നമ്മ എന്നെ
എൻ കൂടെ കരഞ്ഞമ്മ

എനിക്കുവേണ്ടി കരഞ്ഞതെന്നമ്മ

അമ്മതൻ സ്നേഹം പൊൻ സ്നേഹം

എൻ കൂടെ പള്ളിക്കൂടത്തിൽ വന്നതെന്നമ്മ

എനിക്കുവേണ്ടി വേദനിച്ചെന്നമ്മ



എന്നെ ശകാരിച്ചതെന്നമ്മ
അമ്മതൻ സ്നേഹം പൊൻ സ്നേഹം

സ്നേഹമെന്തെന്ന്

പഠിപ്പിച്ചതെന്നമ്മ

അമ്മയോളം സ്നേഹം ആർക്കുണ്ട്?

അമ്മയോളം


വലുതി ലോകത്തിൽ ഒന്നുമില്ല

അമ്മതൻ സ്നേഹം പൊൻ സ്നേഹം!

സയന. എം. കെ
൧ C



KRISHA
4B




HIMAGANGA
8 B



## കള്ളനും വിശ്വസ്തനായ നായയും

ഒരിക്കൽ ഒരു കള്ളൻ ഒരു വലിയ മാളിക വീട് കണ്ടു. അതു കൊള്ളയടിക്കാൻ തീരുമാനിച്ചു. പക്ഷേ ഒരു പ്രശ്നമുണ്ടായിരുന്നു . ഒരു വലിയ നായ വീടിന് കാവൽ ഇരുന്നു. ഒരു ബഹളവും ഉണ്ടാകാതിരിക്കാൻ കള്ളൻ നായക്ക് മാംസം കൊടുക്കാൻ തീരുമാനിച്ചു. രാത്രിയിൽ മാംസവുമായി വീട്ടിലെത്തി. നായ ഗേറ്റിന് സമീപം നിൽക്കുകയായിരുന്നു. കള്ളൻ മാംസ കഷ്ണങ്ങൾ അവൻറെ നേരെ എറിഞ്ഞു. പക്ഷേ നായ മാംസം കഴിച്ചില്ല പകരം അവൻ കള്ളനോട് പറഞ്ഞു." ഞാൻ കുരക്കുന്നതിൽ നിന്നും കടിക്കുന്നതിൽ നിന്നും എന്നെ തടയാൻ കഴിയുമെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ നിങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്നു നിങ്ങൾ നൽകുന്ന മാംസത്തിന് ഞാൻ ഒരിക്കലും എൻറെ യജമാനനെ ഒറ്റിക്കൊടുക്കുകയില്ല" ഇത് കേട്ട് കള്ളൻ ഭയന്നു അകത്തേക്ക് വരാൻ ശ്രമിക്കാതെ അവൻ പോയി.

ധാർമികത: ഒരു ചെറിയ ജീവി ചിലപ്പോൾ വളരെ ബുദ്ധിമാൻ ആയിരിക്കും.

Saanviya.c 6B

# സമയം

എല്ലാവരുടെയും ജീവിതത്തിൽ ഏറ്റവും വിലപ്പെട്ട വസ്തുവാണ് സമയം . സമയത്തെ വിലമതിക്കുകയും സമയത്തെ ബഹുമാനിക്കുകയും ചെയ്യുന്നുവെങ്കിൽ, നമുക്ക് സന്തോഷകരവും ആരോഗ്യകരവും സമ്പന്നവുമായ ജീവിതം ലഭിക്കും . സമയം ആരിൽ നിന്നും തിരിച്ചെടുക്കുവാനോ മോഷ്ടിക്കാനോ കഴിയാത്ത വിലപ്പെട്ട ഒരു വസ്തുവാണ് . സമയം ആർക്കുവേണ്ടിയും കാത്തുനിൽക്കുന്നില്ല , അതിനാൽ നമുക്കുള്ള സമയം പരമാവധി പ്രയോജനപ്പെടുത്തേണ്ടത് പ്രധാനമാണ്.



നാം നമ്മുടെ സമയം വിവേകത്തോടെ ഉപയോഗിക്കണം , അത് നിസ്സാരമായി കാണരുത് . സമയം വീണ്ടെടുക്കാൻ കഴിയാത്ത ഒരു വിലപ്പെട്ട ഒന്നാണ്. ഒരു വ്യക്തിക്ക് സമയത്തിന്റെ മൂല്യം മനസ്സിലാക്കുന്നില്ല എങ്കിൽ , സമയവും ഒരിക്കലും ആ വ്യക്തിയുടെ മൂല്യം മനസ്സിലാക്കുകയില്ല എന്നത് സത്യമാണ് . സമയം പണത്തേക്കാൾ വിലപ്പെട്ടതാണ് , കാരണം ഒരിക്കൽ പണം ചെലവഴിച്ചാൽ അത് വീണ്ടും സമ്പാദിക്കാം , പക്ഷേ വിലപ്പെട്ട സമയം പോയി കഴിഞ്ഞാൽ , അത് ഒരിക്കലും കൊണ്ടുവരാൻ കഴിയില്ല . ജീവിതത്തിൽ വിജയം കൈവരിക്കാനുള്ള പ്രധാന ഘടകമാണ് സമയം എങ്ങനെ ഉപയോഗിക്കുന്നു എന്നുള്ളത് . അർത്ഥവത്തായതും പ്രയോജന കാര്യമായ കാരണങ്ങൾക്കായി സമയം ചിലവഴിക്കണം . പ്രയോജന കാര്യമല്ലാത്ത പ്രവർത്തനങ്ങളിൽ ഒരിക്കലും സമയം പാഴാക്കരുത്.

ഹരിശാന്ത് എ.കെ

# കാലമേ നിനക്കായ്



ഭൂമി ദേവി, നീ എത്ര സുന്ദരിയായിരുന്നു
പച്ചപ്പിൻ പട്ടു മാറോട് ചേർത്തിട്ട്
നീ എത്ര സുന്ദരിയായിരുന്നു
കുന്നിൻ ചെരുവിൽ നിര നിരയായി
കാറ്റിൽ ഇലയും മാമരങ്ങൾ
കളം കളം കൊഞ്ചുന്ന വളകളിട്ട്
താളത്തിൽ ഒഴുകുന്ന പുഴകളും
വെയിലിൻ്റെ ചൂടിൽ ആടിയുലയുന്ന
മഞ്ഞ ഉടുപ്പിട്ട നെൽപാടങ്ങളും
ചേലേറും കിളികളും, പറവകളും പാറി
പറക്കുമ്പോൾ നീ എത്ര
സുന്ദരിയായിരുന്നു.
ഇന്നോ നിൻ്റെ സൗന്ദര്യം എവിടെ
ഇന്നോ നിൻ്റെ പച്ചപ്പുമെവിടെ
മരങ്ങളും മലകളും കുന്നുകളും
പുഴകളും പൂക്കളും വയലുകളും എവിടെ
മർത്യൻ്റെ ആർത്തിയിൽ വിതയ്ക്കുന്ന
വികൃതികൾ
നിന്നെ കീറി പിളർന്നിടുന്നു
മഴയുടെ മധുരമാം തേനലകൾ
നൊമ്പരത്തിൽ അലഞ്ഞിടുന്നു
ഒരു നല്ല കാലം വരും എന്നെങ്കിലും
കൂട്ടുകാരെ നമുക്ക് കാത്തിരിക്കാം
പൂക്കൾ വിരിയുന്ന നല്ലകാലം
പച്ചപ്പ് നിറയുന്ന നല്ല കാലം.

ഋതുനന്ദ വി.പി
8th B

# ടെക്നോളജി

ടെക്നോളജിയുടെ കാലിന്റെ
കീഴിലെ ചൂയിങ്കമായി നാം മാറി മനുഷ്യർ

പുതിയ ലോകത്തിൻ പുതിയ ചിന്തകൾ
അമർന്നുംഞെരുങ്ങി ടെക്നോളജിതൻ
കീഴിലായി

മാറും ചിന്തയും
മാറ്റിയ കാഴ്ചയും
മാറ്റുന്നു നമ്മെ മാനവരെ

ഭാരതം ചന്ദ്രനിൽ കാലുകുത്തി
ഇനിയും ദൂരങ്ങൾ കൈവരിക്കാൻ

വിവരങ്ങൾ ഓരോന്നും ശേഖരിക്കും
വൈവിധ്യമാർന്നൊരു ടെക്നോളജി

ന്യൂട്ടണെ പോലെ നാം വളർന്നിടേണം
കഴിവാർന്ന ചിന്തകൾ നേടിടേണം

കാലം കഴിഞ്ഞവർ
കാണിച്ച കൗതുകം
ഓർത്തിടേണം നാം ഓരോരുത്തരും

ചൈത്ര.എൻ
&
ഗായത്രി എൻ

# പോയി മറഞ്ഞ കൂട്ടുകാരി ..............

ഓർക്കുന്നുവോ നീ, നമ്മൾ
തൻ ബാല്യം
മാമ്പഴം ചെത്തി പുളിയിട്ട കാലം

തുമ്പിയെക്കൊണ്ടന്ന് കല്ലെടുപ്പിച്ചതും
ഊഞ്ഞാലുകെട്ടിയാടി കളിച്ചതും
അപ്പൂപ്പൻ താടിക്കൊപ്പം പറന്നതും
പാടവരമ്പത്ത് ഓടി നടന്നതും

ചിരിയും കളികളും മിണ്ടലും കുട്ടിയും
മാത്രം നിലനിന്ന കുട്ടിക്കാലം



കൊല്ല പരീക്ഷ കഴിഞ്ഞത് പിന്നെ
എന്നെ നീ കാണാൻ വന്നില്ലല്ലോ?
ഒരുമിച്ച് പറത്തിയ പട്ടങ്ങളെല്ലാം
ഇന്നും നിന്നെ തിരക്കുന്നുണ്ട്.

ഒരു വാക്ക് മിണ്ടാതെ
പോയതല്ലേ നീ..........
ഒരു നോക്ക് കാണുവാൻ നിന്നില്ലല്ലോ....
പൂരപ്പറമ്പിലും പെരുന്നാളിനും ഞാൻ
നിൻറെ തോളോട് ചേർന്നു നടന്നിരുന്നു

നീ മറന്നെങ്കിലും നമ്മുടെ സൗഹൃദം-
ഇടനെഞ്ചിൽ ആഴത്തിൽ പതിയിരിപ്പൂ ...


- സാതിക രാഗേഷ്.
8C



# കാത്തിരിപ്പ്

കരിമലക്കാട്, പ്രകൃതിയോടിണങ്ങിയ ഒരു കൊച്ചു ഗ്രാമം. ആടിയുലഞ്ഞുള്ള കാറ്റിന്റെ താളത്തിനൊത്ത നൃത്തം ചെയ്യുന്ന വയലിലെ പുൽ മേട്ടുകളും കിളികളുടെ കൊഞ്ചിയുള്ള മധുര സ്വരങ്ങളും ആണ് ആ ഗ്രാമത്തെ വളരെ മനോഹരമാക്കുന്നത്. അടുത്ത ബസ് സ്റ്റോപ്പിലേക്ക് ചീറി കുതിച്ചുവന്ന ബസ് നിർത്തിയതും ഒരു പടപോലെ ജനസമാഹാരം. അതുപിന്നെ കാണാതിരിക്കുമോ, കരിമലക്കാരുടെ സ്വന്തം കുന്നത്തൂർകാവിലെ ഉത്സവമല്ലേ വരാൻ പോകുന്നത്. ബസ്സിറങ്ങിയാൽ ശങ്കരേട്ടന്റെ കടയിൽ നിന്നൊരു ചായ അതെല്ലാവർക്കും നിർബന്ധ്. കൂട്ടത്തിൽ എനിക്കും.ചായ മാത്രമല്ല അന്നവിടെ ചർച്ചവിഷയമായി എന്ത ങ്കിലും ഉണ്ടാവും. ഇന്നത്തേത് ലക്ഷ്മി അമ്മയാണ്. കരിമലക്കാരുടെ സ്വന്തം ലക്ഷ്മിയമ്മ. അവർക്ക് എല്ലാവരും സ്വന്തം മക്കളാണ്. ആരോടും ഇന്നേവരെ മുഷിഞ്ഞ് സംസാരിച്ചിട്ടില്ല. ലക്ഷ്മി അമ്മയുടെ കളങ്കമില്ലാത്ത ആ ചിരി കാണുമ്പോൾ തന്നെ ഒരു ഐശ്വര്യമാണ്. എന്നാൽ കുന്നത്തൂർ കാവിലെ ഉത്സവകാലം വരുമ്പോൾ ആ ചിരി മെല്ലെ മങ്ങി തുടങ്ങും. പിന്നീട് ആർക്കോ വേണ്ടിയുള്ള  കാത്തിരിപ്പിന്റെ തിരി നാളങ്ങൾ ആ കണ്ണുകളിൽ പ്രകാശിക്കുന്നത് കാണാം. എന്നും സന്ധ്യക്ക് കുന്നത്തൂർ കാവിൽനിന്ന് വരുമ്പോൾ ആ കണ്ണുകൾ കലങ്ങി ചുവക്കും. എങ്കിലും ഉള്ളിലെ നൊമ്പരം അടക്കിപ്പിടിച്ചുകൊണ്ട് ചിരിക്കാൻ ശ്രമിക്കുന്ന ലക്ഷ്മിയമ്മ ഇന്നും എന്റെ നെഞ്ചിൽ മായാതെ കിടപ്പുണ്ട്.10 കൊല്ലം മുൻപ് കുന്നത്തൂർ കാവിലെ ഉത്സവസമയത്ത് തിക്കിലും തിരക്കിലും പെട്ട് കാണാതായ തന്റെ 2 ആൺമക്കൾക്ക് വേണ്ടിയുള്ള കാത്തിരിപ്പാണത്. കുന്നത്തൂർ അപ്പന്റെ  മുൻപിൽ നേർച്ച നേർന്നുണ്ടായ 2 ഓമനകൾ. 2ആം വയസ്സിൽ കുട്ടികൾക്ക് അച്ഛനെ നഷ്ടപ്പെട്ടു. അതിലൊന്നുംതന്നെ തളരാതെ തന്റെ മക്കൾക്ക് വേണ്ടി ലക്ഷ്മിയമ്മ ജീവിച്ചു. എന്നോ തന്നെ വിട്ടുപോയ മക്കൾ തിരിച്ചുവരുമെന്ന പ്രതീക്ഷയാണ് ആ അമ്മയെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. ആ കുട്ടികൾ മരിച്ചു എന്നെ വാർത്ത പലരും പറഞ്ഞു കേട്ടു. എന്നാൽ ലക്ഷ്മിയമ്മയെ അറിയിക്കാൻ ആരും മുതിർന്നില്ല. അറിഞ്ഞാൽ ആ നെഞ്ച് പൊട്ടിത്തെറിക്കുമെന്ന് എല്ലാവർക്കുമറിയാം. അവരതറിയുന്നതിലും നല്ലത് കാത്തിരിക്കുന്നതാണ്. ഒരിക്കലും തിരിച്ച് വരാത്ത തന്റെ മക്കൾക്കുവേണ്ടി.....

Devananda.M
9th C




SHALVIYA
PREMRAJ
9 D

[illegible]



# കറുപ്പിന്റെ മിടുക്ക്

മുത്തോലപുരത്തെ മുത്തുരാമൻറെ വീട്ടിൽ രണ്ട് വമ്പൻ നായ്ക്കളെ വളർത്തിയിരുന്നു കറുമ്പനും വെളുമ്പനും. കറുമ്പനു കരിക്കട്ട പോലെ കറുത്ത നിറമായിരുന്നു എന്നാൽ വെളുമ്പനോ ആരും കൊതിക്കുന്ന തൂവെള്ള നിറം. വീട്ടുകാർക്കും നാട്ടുകാർക്കും കൂടുതൽ ഇഷ്ടം വെളുമ്പനെയായിരുന്നു. അതോടെ അവൻ വലിയ അഹങ്കാരിയായി മാറി. എപ്പോഴും അവൻ കറുമ്പനെ പുച്ഛിക്കും നിന്നെ ആർക്കും ഇഷ്ടമല്ല ഒരു വൃത്തികെട്ട ജന്തു. കൂട്ടുകാരൻറെ പരിഹാസം കേൾക്കുമ്പോൾ പാവം കറുമ്പന്റെ കണ്ണുകൾ നിറയും. എങ്കിലും അവൻ വെളുമ്പനോട് ദേഷ്യപ്പെടുകയോ കടിപിടി കൂടുകയോ ഒന്നും ചെയ്തില്ല. ഒരിക്കൽ മുത്തുരാമനും കുടുംബക്കാരും മുത്താരം കുന്നിൽ വിരുന്നിനു പോയി. അന്ന് രാത്രിയിൽ ഭയങ്കരനായ ഒരു പുള്ളി പുലി കുന്നിറങ്ങി മുത്തുരാമന്റെ വീട്ടിലെത്തി. അലർച്ച കേട്ട് വെളുമ്പനും കറുമ്പനും പേടിച്ചോടി രണ്ടുപേരും ഭയന്നു വിറച്ച കിടന്നു. പക്ഷേ എന്ത് ഫലം കണ്ടുപിടിച്ച് പുള്ളിപ്പുലി തൊഴുത്തിൻറെ പിന്നിലും എത്തി. വെളുമ്പനെ മാത്രമേ കണ്ടുള്ളൂ കറുത്ത നിറമായതുകൊണ്ട് കറുമ്പനെ കണ്ടതേയില്ല . വെളുമ്പനെ പിടികൂടി തന്റെ കൂട്ടുകാരൻറെ കഥ ഇപ്പോൾ തീരുമെന്ന് കറുമ്പന് മനസ്സിലായി. കറുമ്പന് പെട്ടെന്ന് പുലിയുടെ മേൽ ചാടിവീണു കടിയായി. പുള്ളിപ്പുലി നടുവേദന കൊണ്ട് ഓടിപോയി.എന്നെക്കാൾ എന്തുകൊണ്ടും മിടുക്കൻ നീ തന്നെ എന്റെ ജീവൻ രക്ഷിച്ചത് നീയാണ്. ഇനി ഞാൻ ഒരിക്കലും നിന്നെ പരിഹസിക്കില്ല വെളുമ്പൻ നിറഞ്ഞ കണ്ണുകളോടെ കറുമ്പനെ കെട്ടിപ്പുണർന്നു .കറുപ്പും വെളുപ്പും എന്നതിലല്ല കാര്യം സ്വഭാവത്തിലാണ് കാര്യം.





ഫാത്തിമ നൗറ

# കാക്ക കലഹം



ഞാൻ രാവിലെ ഉണർന്നപ്പോൾ ഒരു വിചിത്രമായ ശബ്ദം കേട്ടു. എന്റെ വീടിന്റെ മുറ്റത്തു പോയിനോക്കി. അവിടെ ഒന്നും ഞാൻ കണ്ടില്ല ശബ്ദം മാത്രമേ കേട്ടുള്ളൂ.പിന്നെ ഞാൻ മുറ്റത്തു ഇറങ്ങിനൊക്കിയപ്പോൾ ഒരു സങ്കടകരമായ ഒരു കാഴ്ചയാണ് കണ്ടത് . ഒരു കാക്കയെ മറ്റു കാക്കകൾ കൊത്തിപറിക്കുന്നു. അതുകണ്ടപ്പോൾ എനിക്ക് വളരെ വിഷമമായി. ഈ കാലത്ത് ഇങ്ങനെ ഒരു കാഴ്ച ഞാൻ ആദ്യമായിട്ടാണ് കാണുന്നത്. അപ്പൂപ്പനും അമ്മൂമ്മയും പറഞ്ഞത് കേട്ടതല്ലാതെ ഇങ്ങനെ ഒരു സംഭവം ആദ്യമായിട്ടാണ്.


എനിക്ക് ആ കാക്കയെ രക്ഷപ്പെടുത്തണം എന്നുണ്ടായിരുന്നു. ഞാൻ എന്റെ വീട്ടിലേക്കു ഓടി അമ്മയെ വിളിച്ചു. അമ്മയോട് ചോദിച്ചു.

അമ്മ : അത് ആ കാക്ക എന്തെങ്കിലും തെറ്റുചെയ്തത് കൊണ്ടാണ് ആ കാക്കയെ കുറെ കാക്കകൾ കൊത്തിയത് . അങ്ങനെ ഈ ലോകത്തു എന്തെല്ലാം പ്രേശ്നങ്ങൾ നടക്കുന്നുണ്ട്

ഞാൻ : അമ്മേ പക്ഷെ പാവം തോന്നുന്നു നമ്മുക്ക് ആ കാകയെ രക്ഷപ്പെടുത്തിയാലോ പാവം.....


അങ്ങനെ ഞാൻ അമ്മയെ കൂട്ടി മുറ്റത്തേക്കു വന്നു. നമ്മൾ കുറേ നേരം നോക്കി അതിനെ ഒരു വക രക്ഷപ്പെടുത്തി. അത് പറന്നു പോയി പക്ഷെ അതിനു കുറച്ചു വല്ലായ്മ ഉണ്ടായിരുന്നു

സാൻവിയ
6 E





AIGA R
8 B

SIVANI B
NAIR
9 D



# *Girl power*



ASIYA MEHAQUE
BINTH MUNEER
1 B

SREEVEDA A
5 C



# സ്ത്രീ ജോലി

പ്രഭാത വെളിച്ചത്തിൽ അവൾ അവളുടെ ദിവസം ആരംഭിക്കുന്നു
ലക്ഷ്യത്തോടും അഭിനിവേശത്തോടും കൂടി അവൾ അവളുടെ വഴി
കണ്ടെത്തുന്നു

ഓരോ ജോലിയിലും അവൾ അവൾക്ക് എല്ലാം നൽകുന്നു,
സ്വപ്നങ്ങൾ ഉയരത്തിൽ നിൽക്കുന്ന ഒരു ലോകം സൃഷ്ടിക്കുന്നു

അഭിമുഖീകരിക്കുന്ന വെല്ലുവിളികളിലൂടെ, അവൾ ശക്തിയോടും
കൃപയോടും കൂടി സംരക്ഷിക്കുന്നു,
അവൾ ഭയങ്ങളെ ജയിക്കുന്നു

അവളുടെ പ്രവൃത്തി ഒരു മാസ്റ്റർ പീസ്, അവളുടെ ആത്മാവിൻ്റെ
പ്രതിഫലനം
ഓരോ നേട്ടവും, അവളുടെ ലക്ഷ്യത്തിലേക്കുള്ള ഒരു ചുവട്

ദിവസം കഴിയുമ്പോൾ, അവളുടെ മുഖത്ത് ഒരു പുഞ്ചിരി
പ്രകാശിക്കുന്നു
കാരണം അവളുടെ ഹൃദയത്തിൽ അവൾ അവളുടെ ഇടം
കണ്ടെത്തി

അവൾ അനുഭവിക്കുന്ന സന്തോഷം, വളരെ ശുദ്ധവും സത്യവുമാണ്
ജോലിയുടെ ഒരു സാക്ഷ്യം, അവൾ കടന്നുപോയി


അഭിമാനത്തോടെ ജോലി ചെയ്യുന്ന സ്ത്രീകളോട് ഇതാ,
അവരുടെ സന്തോഷം തിളങ്ങുന്നു, നിഷേധിക്കാനാവില്ല

അവരുടെ പ്രയത്നങ്ങൾ ആഘോഷിക്കപ്പെടുകയും
അഭിനന്ദിക്കപ്പെടുകയും ചെയ്യട്ടെ
അവരുടെ പ്രവർത്തനത്തിന് പ്രചോദനം നൽകുകയും ലോകത്തെ
തീ ആളിക്കത്തിക്കുകയും ചെയ്യുന്നു.

- നീലാഞ്ജന.കെ.സജിത്ത്
6-സി




**PARVANA P.P**
**6 D**




**AYAANA HASEEB A. P**

# ഒരുവയനാടൻ യാത്ര

2022 ഒക്ടോബർ 30നാണ് ഞാൻ എൻ്റെ കുടുംബത്തോടൊപ്പം വയനാട്ടിലേക്ക് ഒരു വിനോദയാത്ര പോയത്. വെറും ഒരു യാത്രയായിരുന്നില്ല വയനാട്ടിലെ അതിമനോഹരമായ രണ്ട് സ്ഥലങ്ങളാണ് അന്ന് ഞങ്ങൾ ചുറ്റി കണ്ടത വയനാടിന്റെ തൊട്ടടുത്തുള്ള രണ്ട് ജില്ലകളായ കണ്ണൂരും കോഴിക്കോടും കൂടി ചേർന്നാണ് വയനാട് സ്ഥിതിചെയ്യുന്നത്. കേരളത്തിലെ ഏറ്റവും ജനസംഖ്യ കുറഞ്ഞ ജില്ലയാണ് വയനാട്. കൂടുതലും പച്ചപ്പ് ചുറ്റപ്പെട്ട പ്രദേശമാണ് വയനാട്ടിൽ ഉള്ളത്. കോടമഞ്ഞാൽ മൂടപ്പെട്ട പ്രദേശമായതുകൊണ്ട് തന്നെ ഇവിടം നല്ല . താമരശ്ശേരി ചുരം വഴിയാണ് ഞങ്ങൾ പോയത് ബസ് യാത്ര വളരെ മനോഹരമായെങ്കിലും ചുരം കയറാൻ തുടങ്ങിയപ്പോൾ എനിക്ക് ചെറിയ അസ്വസ്ഥതകൾ തോന്നി. കുറച്ച് കഴിഞ്ഞപ്പോൾ ഞാൻ പ്രകൃതി സൗന്ദര്യത്തിൽ അലിഞ്ഞു ചേർന്നതു കൊണ്ടാവാം അസ്വസ്ഥതകൾ പതിയെ എന്നെ വിട്ടുമാറി. ബസ്സിൽ നിന്നു നോക്കിയപ്പോൾ മഞ്ഞു മൂടിക്കിടക്കുന്ന പച്ചപ്പ് നിറഞ്ഞ കുറേ പ്രദേശങ്ങൾ എൻ്റെ കണ്ണിനെ ആകർഷിച്ചു. ചുരം കയറി കഴിഞ്ഞപ്പോൾ കുറച്ച് ദൂരെയുള്ള ഒരു ചെറിയ ചായക്കടയിൽ കയറി ഞങ്ങൾ ഒരു ചൂട് ചായ കുടിച്ചു. തണുത്തുവിറച്ചിരുന്ന എൻ്റെ കൈകളിൽ ആ ചൂട് ചായ തട്ടിയപ്പോൾ തണുപ്പാൽ മരവിച്ചുപോയ എൻ്റെ മനസ്സിന് ഒരു കുളിർമ്മ . ചായയൊക്കെ കുടിച്ച് മനസ്സിലെ വിറങ്ങലുമാറ്റിയ ശേഷം ഞങ്ങൾ നേരെ വിട്ടത് വയനാട്ടിലെ എൻ ഊര് എന്ന വിനോദസഞ്ചാര കേന്ദ്രത്തിലാണ്. വയനാടിന്റെ ഗോത്ര പൈതൃക ഗ്രാമം എന്നാണ് ഇത് അറിയപ്പെടുന്നത്



അതുപോലെ കുന്നിൻ മുകളിലെ സ്വർഗ്ഗം എന്നും ഈ സ്ഥലത്തെ വിളിക്കുന്നു. കേരളത്തിലെ ചിറാപുഞ്ചി എന്നറിയപ്പെടുന്ന ലക്കിടിയിലെ മഴയും കോടമഞ്ഞും കാറ്റും മേഘങ്ങൾ പുൽകി നിൽക്കുന്ന മലനിരകളും എല്ലാം ഇവിടെ എത്തിയാൽ നേരിൽകണ്ട് അനുഭവിക്കാൻ സാധിക്കും. ഏതുനിമിഷവും ചാറ്റൽ മഴ വിരുന്നെത്തുന്ന

പ്രദേശമാണിത്. കേരളത്തിലെ ഗോത്ര ജനതയുടെ പാരമ്പര്യവും, സംസ്കാരവും, ജീവിതശൈലിയും, തനിമയും ആണ് ഇവിടെ നമുക്ക് തുറന്നുകാട്ടിത്തരുന്നത്. ചുരത്തിലൂടെ രണ്ടര കിലോമീറ്റർ താണ്ടി വേണം ഇവിടെ എത്താൻ. ചുരത്തിൽ നിന്ന് താഴേക്ക് നോക്കിയപ്പോൾ വെള്ള പുതപ്പിച്ച കുറെയധികം മലനിരകൾ, അതൊക്കെ ആസ്വദിച്ച ഒരു അനുഭവം ഒന്ന് വേറെ തന്നെയായിരുന്നു .നടന്ന ക്ഷീണം മാറ്റാൻ വേണ്ടിയാണ് എന്ന് തോന്നുന്നു സഞ്ചാരികൾക്ക് ഇരിക്കാൻ വേണ്ടി ഒരു കവാടം ഒരുക്കിയിരിക്കുന്നു.അപ്പുറത്ത് നാവിൽ നിന്ന് വെള്ളം ഊറുന്ന തരത്തിലുള്ള ഭക്ഷണവിഭവങ്ങളുടെ ഒരു മേള തന്നെ ഉണ്ടായിരുന്നു. ഒരു ഇടവഴി അതിന്റെ



രണ്ടു ഭാഗത്തും വർണ്ണാഭമായ മതിലുകൾ കെട്ടിയിരിക്കുന്നു. നടുവിൽ ചെങ്കല്ലാൽ മേഞ്ഞ കുറേയധികം പടികൾ അതിലൂടെ നേരെ നടന്നുപോയാൽ കാണുന്നത് ഗോത്ര ജനതയുടെ ജീവിത പാരമ്പര്യം കണ്ടറിയാൻ കഴിയുന്ന കുറെയധികം കുടിലുകളാണ് .ഓരോ കുടിലും വ്യത്യസ്ത രീതിയിലാണ് ഇവിടെ നിർമ്മിച്ചിരിക്കുന്നത് . ഇവയുടെ മുകൾഭാഗം പനയോല കൊണ്ട് നിർമ്മിച്ചതാണ് ചെറിയൊരു ചാറ്റൽ മഴ രൂപപ്പെട്ടത് കൊണ്ടുതന്നെ കുടിലുകളുടെ ഭംഗി വർദ്ധിച്ചു . കുറച്ചു അപ്പുറമായി ഗോത്രജനതയുടെ വസ്ത്രശാലയും അവർ ഉപയോഗിച്ചിരിക്കുന്ന വസ്തുക്കളും , പഴയകാല ചിത്രങ്ങളും അവിടെ പ്രദർശനത്തിനായി വച്ചിരിക്കുന്നതും കാണാൻ സാധിച്ചു . ഗോത്ര ജനത എന്തെന്നു തെളിയിക്കുന്ന വിധത്തിലുള്ള 18 ഓളം കടകൾ അവിടെ സ്ഥിതി ചെയ്യുന്നുണ്ട് ഗോത്ര ജനതയുടെ പച്ചില മരുന്നുകളും കാട്ടുതേനും അവരുടെ കരകൗശല വിദ്യകളും ഇവിടെ നമുക്ക് കാണാം . നമ്മുടെ പുതുതലമുറയ്ക്ക് ഗോത്ര വിഭാഗക്കാർ എന്തായിരുന്നു എന്നും എങ്ങനെയായിരുന്നു എന്നും ഈ ഒരു സഞ്ചാര കേന്ദ്രം മനസ്സിലാക്കിത്തരുന്നുണ്ട് . പിന്നീട് ഞങ്ങൾ സന്ദർശിച്ചത് വയനാട്ടിലെ മീൻമുട്ടി വെള്ളച്ചാട്ടമാണ് കോരിച്ചൊരിയുന്ന മഴ കണ്ട് ആദ്യം ഒന്ന് പരിഭ്രമിച്ചെങ്കിലും പിന്നീട് മഴ ഞങ്ങൾക്ക് വഴിമാറി തന്നു. മൂന്ന് കിലോമീറ്റർ നടന്നു സഞ്ചരിച്ചാലാണ് . വെള്ളച്ചാട്ടത്തിന്റെ അടുത്ത് എത്തുക .

പാറക്കല്ലുകളാൽ നിറഞ്ഞുനിൽക്കുന്ന ഒരു കൊച്ചുവഴി കുത്തനെ നിൽക്കുന്ന ആ വഴിയിലൂടെ പോവുക എന്നത് എളുപ്പം സാധിക്കുന്ന കാര്യമല്ല .ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ പോലെ ആ യാത്ര തുടർന്നു .ആ ഇടുങ്ങിയ പാറകളുടെ ഇരുവശവും കാടാൽ ചുറ്റപ്പെട്ടു കിടക്കുന്നു. നടക്കുമ്പോൾ ഏതുനിമിഷവും തെന്നിവീഴാവുന്ന പാറകൾ . ഒന്ന് പിടിച്ച് നടക്കാൻ അധികം ബലമില്ലാത്ത ഒരു കയർ . വെള്ളം ഒലിച്ച് കുത്തി പാറകളിൽ തട്ടുന്ന ശബ്ദം കേട്ട് അടുത്താണ് എന്ന് വിചാരിച്ചെങ്കിലും എത്ര നടന്നിട്ടും ശബ്ദം മാത്രമാണ് കേട്ടത് . കുറച്ചകലെ ഒരു കുന്നിൻ മുകളിൽ നിന്നും നോക്കിയപ്പോൾ ഒഴുക്കിലൂടെ അതിശക്തമായി പോകുന്ന വെള്ളം കാണാൻ സാധിച്ചു . വെള്ളത്തിൻറെ അതികഠിനമായ പേടിപ്പെടുത്തുന്ന ശബ്ദം കൊണ്ട് മറ്റൊന്നും തന്നെ കേൾക്കാൻ സാധിക്കുന്നില്ല . വെള്ളത്തുള്ളികൾ അതിശക്തമായി ഇത്രയും വേഗത്തിൽ മുകളിൽ നിന്ന് താഴേക്ക് ആഞ്ഞു വീഴുന്ന ദൃശ്യം ഞാൻ ആദ്യമായിട്ടാണ് ഇത്ര അടുത്തുനിന്ന് കാണുന്നത് . വെള്ളച്ചാട്ടത്തിൽ നിന്ന് കുറച്ച് അകലെയാണ് ഞാൻ നിന്നത് എങ്കിലും നല്ല തണുപ്പുള്ള ആ വെള്ളം എൻറെ മുഖത്തേക്ക് വേഗത്തിൽ ചിന്നി ത്തെറിക്കുന്നുണ്ടായിരുന്നു.

സഞ്ചാരികൾക്ക് വെള്ളച്ചാട്ടം നേരിട്ട് അനുഭവിക്കാൻ വേണ്ടി അതിനോട് ചേർന്ന് ആ പട്ടുറ്റൻ




പാറകൾക്കിടയിൽ ഒരു കവാടം ഒരുക്കിയിട്ടുണ്ട് . ഇവിടേക്ക് എത്തുക പ്രയാസകരം ആണെങ്കിലും ഇവിടത്തെ കാഴ്ചകൾ കണ്ണിനെയും മനസ്സിനെയും ഒരുപോലെ കുളിർമയണിയിക്കുന്നതാണ് . ഞാൻ ഇതുവരെ പോയ സ്ഥലങ്ങളിൽ വച്ച് എന്നെ ഏറ്റവും കൂടുതൽ സന്തോഷിപ്പിച്ച ഒരു ഇടമാണിത് . സാഹസികത ഇഷ്ടമായതുകൊണ്ടാവാം എനിക്ക് ഈ സ്ഥലം വളരെ ഇഷ്ടമായത്.

ദേവനന്ദ.എം

# പ്രകൃതിയുടെ ഇന്ദ്രജാലം

സ്കൂൾ അവധിക്കാലത്ത് ഞങ്ങൾ കുടുംബസമേതം വയനാട്ടിലേക്ക് ഒരു യാത്ര പോയി. യാത്രയിൽ ഉടനീളം കുന്നുകളും മരങ്ങളും കൊണ്ട് എന്റെ ഇന്ദ്രിയങ്ങളും മനസ്സിനും കുളിർമയണീപ്പിക്കുന്ന ദൃശ്യമായിരുന്നു അവിടെ മുഴുവനും ഉണ്ടായിരുന്നത്. മരച്ചില്ലകൾക്കിടയിലൂടെ സൂര്യകിരണങ്ങൾ എൻ്റെമുഖത്ത് പതിച്ചു കൊണ്ടേയിരുന്നു. നമ്മൾ കാടിനുള്ളിലേക്ക് നടക്കാൻ തുടങ്ങി വള്ളികൾ ഊഞ്ഞാൽ പോലെ മരത്തിൽ പടർന്നിരുന്നു. ഞാൻ ഒരു മരത്തിലെ കായകൾ നോക്കി നിൽക്കേ പെട്ടെന്ന് ഒരു കുരങ്ങ് വന്ന് അത് പറിച്ചും കൊണ്ട് ഓടി പോയി. ഇലകളിലുള്ള ഓരോ വെള്ളത്തുള്ളിയും എൻ്റെ മുഖത്ത് ഊർന്ന് വീണപ്പോൾ എനിക്ക് കുളിർമയായി. പടർന്നു നിൽക്കുന്ന വൻമരങ്ങൾ കാറ്റിൽ ആടിയുലയുന്നത് കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു. കാടിനോട് ചേർന്ന് ഒരു അരുവിയുണ്ടായിരുന്നു അരുവി ഒഴുകുന്ന കളകളാ ശബ്ദം എന്റെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. കാടിനുള്ളിലെ ജീവികളുടെയും പക്ഷികളുടെയും ശബ്ദം കേൾക്കാൻ നല്ല രസമായിരുന്നു പക്ഷികൾ അവരുടെ ഭാഷയിൽ പാടുന്നത് പോലെയാണ് എനിക്ക് തോന്നിയത്. എൻ്റെ കുടുംബത്തോടൊപ്പം ഉള്ള ഈ യാത്ര എൻ്റെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത ഒരു അനുഭവമാണ്.



മാനസ. എ. കെ
൯. C

# LITTLE KITES എന്താണ് ?

ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ് ഒരു ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങളെ ഉൾക്കൊള്ളുന്ന കൈറ്റിൻ്റെ ഒരു അതുല്യ സംരംഭമാണ്. സംസ്ഥാന സർക്കാരിൻ്റെ പൊതുവിദ്യാഭ്യാസ പുനരുജ്ജീവന മിഷൻ്റെ ഭാഗമായുള്ള ഹൈസ്കൂൾ കുട്ടിക്കൂട്ടം പരിപാടിയിൽ വിദ്യാർത്ഥികൾക്ക് ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ 5 മേഖലകളിൽ തീവ്രപരിശീലനം നൽകി ഘടനാപരമായി നവീകരിച്ചു. സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് മോഡൽ, അങ്ങനെ 'ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്' ആയി

രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥി ഐടി ശൃംഖലയായി ലിറ്റിൽ കൈറ്റ്സ് മാറുകയാണ്. ശ്രീ. 2018 ജനുവരി 22ന് തിരുവനന്തപുരത്ത് പിണറായി വിജയനാണ് ഈ അതുല്യമായ സംരംഭത്തിന് തുടക്കം കുറിച്ചത്. ഇതിനകം കണ്ടെത്തിയ 5 പ്രധാന മേഖലകൾക്ക് പുറമേ, മൊബൈൽ ആപ്ലിക്കേഷനുകളുടെ വികസനം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, ഇ-ഗവേണൻസ്, വീഡിയോ ഡോക്യുമെൻ്റേഷൻ, വെബ് ടിവി തുടങ്ങിയ വിഷയങ്ങൾ 'ലിറ്റിൽ കൈറ്റ്സിൻ്റെ' പ്രവർത്തന പൂച്ചെണ്ടിലേക്ക് ചേർത്തിട്ടുണ്ട്

## ലിറ്റിൽ കൈറ്റ്സ് പ്രോഗ്രാമിൻ്റെ ലക്ഷ്യങ്ങൾ

1. ഐസിടി മേഖലയിൽ വിദ്യാർത്ഥികളുടെ സ്വാഭാവിക താൽപര്യം പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതികവിദ്യയുടെയും സോഫ്റ്റ്‌വെയറിൻ്റെയും ഉചിതമായ ഉപയോഗത്തിന് ഒരു സംസ്കാരം സൃഷ്ടിക്കുക.
2. ഐസിടി ടൂളുകളുടെ വ്യത്യസ്ത വീക്ഷണങ്ങൾ പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുക, അതുവഴി അവരുടെ പഠന പ്രവർത്തനങ്ങൾക്കായി അവ പ്രയോജനപ്പെടുത്തുക.
3. സ്കൂളുകളിലെ ICT ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുക, അതുവഴി ICT പ്രാപ്തമാക്കിയ പഠനത്തിൽ സ്കൂളിൻ്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക.
4. ICT ഉപകരണങ്ങളുടെ ചെറിയ സാങ്കേതിക പ്രശ്നങ്ങൾ ഏറ്റെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക
5. ശരിയായതും സുരക്ഷിതവുമായ ഇൻ്റർനെറ്റ് ഉപയോഗത്തിലും സൈബർ സുരക്ഷയിലും വിദ്യാർത്ഥികളെ സമ്പന്നമാക്കാനും ഭാഷാ കമ്പ്യൂട്ടിംഗിൻ്റെ പ്രാധാന്യം ഊട്ടിയുറപ്പിക്കാനും

little KITEs

# ദയയുള്ള പെൺകുട്ടി

ഒരിക്കൽ ഒരു നഗരത്തിൽ ഒരു പെൺകുട്ടി തെരുവിലൂടെ നടക്കുകയായിരുന്നു. തെരുവ് വൃത്തിഹീനമായതിനാൽ തെരുവ് വൃത്തിഹീനമായാൽ പൂച്ചയും നായയും പോലുള്ള മൃഗങ്ങൾ വൃത്തികെട്ടവ തിന്നുകയും അവയ്ക്ക് അസുഖം വരുകയും മരിക്കുകയും ചെയ്യും എന്ന് അവൾ ചിന്തിച്ചു, തെരുവുകൾ വൃത്തിയാക്കാൻ അവൾ തീരുമാനിച്ചു, അങ്ങനെ അവൾ തെരുവുകൾ വൃത്തിയാക്കി ഒരു സാൻഡ്വിച്ച് നൽകി തെരുവ് മൃഗങ്ങൾ. മൃഗങ്ങൾ പെൺകുട്ടിയോട് നന്ദി പറഞ്ഞു ...

അടുത്ത ദിവസം, പെൺകുട്ടി സാധാരണയായി നടന്നിരുന്നു, തെരുവിൻ്റെ അരികിൽ നിർത്തിയപ്പോൾ ഒരു പുരുഷൻ അവളോട് "നീ തനിച്ചാണോ?" "അതെ" എന്ന് പെൺകുട്ടി മറുപടി പറഞ്ഞു, ആ അവസരം കണ്ടയാൾ വാനിന് പുറത്തേക്ക് ഇറങ്ങി, പെൺകുട്ടി ഭയപ്പെട്ടു, പക്ഷേ പെട്ടെന്ന് ഒരു കൂട്ടം പൂച്ചകളും നായ്ക്കളും വന്ന് ആ മനുഷ്യനെ ആക്രമിക്കുകയും പെൺകുട്ടിയെ രക്ഷിക്കുകയും ചെയ്തു. പെൺകുട്ടിക്ക് മൃഗങ്ങളോട് നന്ദി തോന്നി അവസാനം

ഹാദിയ മിൻഹ
5 സി

# അച്ചാച്ചൻ

ഒരു കുട്ടി ആ കുട്ടിയുടെ പേര് കല്യാണി. അവൾക്ക് വയസ്സ് 14. ഈ ലോകത്ത് അവൾ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് അവളുടെ അച്ചാച്ചനെയാണ്. തന്റെ ജീവന് തുല്യം അവൾ അച്ചാച്ചനെ സ്നേഹിച്ചിരുന്നു. ഒരു കടലോളം. അതുപോലെ അവളുടെ അച്ചാച്ചനും അവളെ സ്നേഹിച്ചിരുന്നു. അവളെ ഉത്സവത്തിന് കൊണ്ടുപോകുന്നതും മിഠായികൾ വാങ്ങി കൊടുക്കുന്നതും എല്ലാം അച്ചാച്ചനാണ് അമ്മയെക്കാളും അച്ഛനെക്കാളും അവൾ സ്നേഹിച്ചിരുന്നത് അച്ചാച്ചനെയായിരുന്നു.

കുറെ വർഷങ്ങൾ കഴിഞ്ഞ് അവളുടെ അമ്മ ഗർഭിണിയായി അവൾക്ക് ഒരു കുഞ്ഞു സഹോദരനോ, സഹോദരിയോ ഉണ്ടാകാൻ പോകുകയാണ്



അമ്മയുടെ പ്രസവം കഴിഞ്ഞു അതുകൊണ്ട് അവൾക്ക് അമ്മയുടെ വീട്ടിൽ പോകേണ്ടതായുണ്ട്. അവൾക്ക് ജനിച്ചത് ഒരു അനിയത്തിയായിരുന്നു. അവൾക്ക് അച്ചാച്ചനെ വിട്ടുപിരിയാൻ ഒട്ടും മനസ്സുണ്ടായിരുന്നില്ല. അമ്മയോട് അവൾ ഒരുപാട് കരഞ്ഞുപറഞ്ഞു. എന്നെ അച്ചാച്ചന്റെ അടുത്തുനിന്ന് കൊണ്ടുപോകല്ലേ എന്ന് പറഞ്ഞു. പക്ഷേ മനസ്സില്ലാ മനസ്സോടെ പോകേണ്ടി വന്നു. അവളുടെ അച്ചാച്ചനും ഇത് ഒരുപാട് വിഷമമായി. അമ്മയുടെ പ്രസവം കഴിഞ്ഞ് പലനെ അവൾക്ക് അങ്ങോട്ട് പോവാൻ കഴിഞ്ഞിരുന്നില്ല. രണ്ടു വർഷമാണ് അവൾ അച്ചാച്ചനെ പിരിഞ്ഞു ഇരുന്നത്. രണ്ടു വർഷത്തിന് ഇടയിൽ ഒരു ദിവസം ഓവൽ അച്ചാച്ചനെ കാണാൻ പോയിരുന്നു. അവളുടെ പിറന്നാൾ ദിനത്തിൽ. അപ്പോൾ അവളുടെ അച്ചാച്ചന് ഒട്ടും സുഖമില്ലായിരുന്നു. അത് അവളെ ഒരുപാട് വേദനിപ്പിച്ചു.


ഒരു ദിവസം അവളും അവളുടെ അനിയത്തിയും, അമ്മയും അച്ഛനും കൂടെ ഗുരുവായൂരിൽ പോകാൻ ഇറങ്ങി. അവൾക്ക് അന്നേരം വയസ്സ് 8 ആയിരുന്നു. ഗുരുവായൂരിൽ പോകുന്നതിനിടയിൽ അവളുടെ അച്ഛന്റെ ഫോണിൽ ഒരു കാൾ വന്നു. ഫോൺകാൾ എടുത്തു അവളുടെ അച്ഛൻ സംസാരിക്കുകയും കാർ പെട്ടന്ന് അവളുടെ അച്ചാച്ചന്റെ വീട്ടിലേക്ക് തിരിക്കുകയും ചെയ്തു. അവൾ അച്ഛനോട് ചോദിച്ചു. എന്തിനാ അച്ചാച്ചന്റെ വീട്ടിൽ പോകുന്നത് എന്ന്. അച്ഛൻ ഒന്നും മിണ്ടിയില്ല. അച്ചാച്ചന്റെ വീട്ടിൽ കയറിയപ്പോൾ കണ്ടത് വെള്ളപുതപ്പിൽ മൂടിപ്പുതച്ച കിടക്കുന്ന അവളുടെ അച്ചാച്ചനെയാണ്. അവൾ ഓടിച്ചെന്ന് അച്ചാച്ചനെ കെട്ടിപിടിച് ഒരുപാടു കരഞ്ഞു. എല്ലാവരും കൂടെ അവളെ പിടിച്ചുവച്ചു. അവളുടെ അച്ചാച്ചന്റെ ശരീരം എല്ലാവരും കൂടി എടുത്ത് ആളികത്തുന്ന ചിതയിലേക്കിട്ടു. അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു "എന്റെ അച്ചാച്ചനെ തീയിൽ ഇടല്ലേ.. അച്ചാച്ചന് പൊള്ളും ". അവളുടെ അച്ചാച്ചൻ എന്നന്നേക്കുമായി ഈ ലോകം വിട്ട് പോകുകയാണ്. എന്നന്നേക്കുമായി.......

# ജാതിക്കൂട്ടങ്ങളുടെ __ജീവിതം._

പണ്ട് ഏതാണ്ട് ശ്രീനാരായണ ഗുരുവിന്റെ കാലത്തിനൊക്കെ മുൻപ്. ശൂദ്രന്മാർ ബ്രാഹ്മണന്മാർ എന്ന വേർതിരിവു കളുണ്ടായ കാലത്ത് ശൂദ്രർ മരണ വക്കതത്തത്തിയ കാലത്ത് ബ്രാഹ്മണ ണന്മാരുടെ



കാൽ കഴുകി ജീവിച്ചിരുന്ന കാലത്ത് നടന്ന കഥയാണിത്"അമ്മേ ഞാൻ ഉറങ്ങാൻ പോവുകയാണ്" " മ്മ്...... അമ്മ എന്താ വയ്യാതെ ഇരിക്കുന്നത്"ഒന്നുമില്ല നീ ഉറങ്ങ്ക്കോ "ശെരി അവൻ അങ്ങനെ ഉറങ്ങാൻ കിടന്നു. പെട്ടന്ന് ഒരു ശബ്ദം കേട്ട് അവൻ എഴുന്നേറ്റു അവന് തൊട്ടടുത്ത വീട് കത്തുന്നു ഉള്ളിൽ ആ ഓടിവനവന്റെ കണ്ണും ചെവിയും പൊത്തി " അമ്മേ അവിടെ ഒരുപാട് മനുഷ്യർ ചിരിക്കുന്നു അവർക്ക് അവരെ സഹായിച്ചൂടെ "."അന്ന് രാത്രി അവന് വല്ലാതെ ഉറക്കം വന്നു. അവർ നിദ്രയിലേക്കാർന്നു "മോളെ വാ ". അവനൊരു ശബ്ദം കേട്ടു പുറകിൽ നിന്ന് വന്ന വെളിച്ചത്തിൽ നിന്നാണ് ആ ശബ്ദം അവനാ വെളിച്ചതിനുള്ളിലേക് പ്രവേശിച്ചു. അവനിതുവരെ കാണാത്ത ഒരു സ്ഥലം എല്ലാവരുടെയും മുഖം ചിരികൊണ്ട് ളുകിയിരിക്കുന്ന അവന്റെ അമ്മയും



അച്ഛനും വയലിൽ നിന്ന് കൃഷി ചെയ്യുകയായിരുന്നു."അമ്മേ......". അവനോട്ച്ചെന്നു അമ്മ പറഞ്ഞു "മോനെ നീ പോയി കളിച്ചോ ". അവനാ സ്ഥലം മുഴുവൻ ചുറ്റികണ്ടു. എല്ലാ മനുഷ്യരും ഒരു പോലെ സന്തോഷമായി ജീവിക്കുന്നത് അവൻ കണ്ടു കിളികളും പൂമ്പാറ്റ കളും മൃഗങ്ങളും സന്തോഷമായി നൃത്തം വെക്കുന്നു."മോനെ വന്ന് ഭക്ഷണം കഴിക്കു ". അന്ന് രാത്രി അവർ ഒരുമിച്ച് ഭക്ഷണം കഴിച്ചു." നമ്മുടെ ജീവിതം ഇങ്ങനെ തന്നെ സന്തോഷത്തോടെ പോയിട്ടുണ്ടക്കിൽ എന്ത് നന്നായിരിക്കുമായിരുന്നു "മോനെ എഴുന്നേൽക്" " അയ്യോ " അവൻ എഴുന്നേറ്റു അത് സ്വപ്നമാണെന്ന് അവൻ മനസിലായി അതു പോലെ ഒരു ജീവിതമുണ്ടയിരുന്നെങ്കിൽ.......

# □ □□

*I saw in the morning*
*Beautiful Beautiful sky*
*Beautiful Beautiful clouds*
*Beautiful Beautiful Rainbow*
*Having Seven colours*
*VIBGYOR, VIBGYOR*
*Violet, Indigo, Blue, Green, yellow, orange,*
*Red.... Violet, Indigo, Blue, Green, Yellow,*
*Orange, Red....*
*Clouds like cottons*
*Sky like a blue sea*
*Oh my God! What a*
*Beautiful Sky!!*

*Shivani. T. V*
*5C*

# കാട്

ഒരു ദിവസം ഒരു കുട്ടി വീട്ടിൽനിന്ന് പുറത്തിറങ്ങി.അമ്മ കാണാതെയായിരുന്നു പുറത്തിറങ്ങിയത് ആ കുട്ടി വയനാട്ടിൽ ആയിരുന്നു താമസിച്ചിരുന്നത്.കുട്ടി ദൂരെ നടന്ന ഒരു കാട്ടിൽ എത്തി.പിന്നെ കുറേ നടന്നു കുറച്ച് കഴിഞ്ഞപ്പോൾ ആ കുട്ടി കാടിൻറെ നടുവിൽ എത്തി.കുറച്ച് കഴിഞ്ഞപ്പോൾ ആ കുട്ടിക്ക് മനസ്സിലായി അവൾ കാട്ടിനുള്ളിലാണെന്ന്.നടന്നു നടന്ന് കുട്ടി ഒരു വെള്ളച്ചാട്ടത്തിന്റെ അടുത്തെത്തി.അപ്പോൾ അവൾക്ക് അവിടെനിന്ന് സ്വർണത്തിന്റെ നാണയം ലഭിച്ചു അവൾ മുൻപോട്ട് നടന്ന കുറെ സ്വർണ്ണ നാണയം കിട്ടി.കുറച്ച് കഴിഞ്ഞപ്പോൾ ആ കാട്ടിൽ അവളെ തേടി പോലീസും എത്തി.അവളെ അന്വേഷിച്ച് കണ്ടുപിടിച്ചു.ആ കുട്ടി ആ വെള്ളച്ചാട്ടത്തിന്റെ അടുത്ത് ഇരിക്കുകയായിരുന്നു.കുട്ടിയെ സുരക്ഷിതമായി അവർ വീട്ടിലെത്തിച്ചു അപ്പോഴാണ് അവളുടെ അമ്മ ആ നാണയം ശ്രദ്ധിക്കുന്നത്.ആ നാണയം പണ്ടുകാലത്ത് രാജാവിന്റേതായിരുന്നു വളരെ വിലപിടിപ്പുള്ള നാണയം!

ഷിയ അനിൽകുമാർ

# ഒരു ജീവിതം

നാടോടികളുടെയും ചന്ത പിള്ളേരുടെയും ഇടയിൽ ആരും നോക്കാതെ കിടക്കുന്ന ഒരു കുഞ്ഞിൻറെ കരച്ചിൽ ആ പ്രദേശമാകെ പരന്നു. ഒരു വ്യക്തി സന്താനഭാഗ്യം ഇല്ലാത്ത വ്യക്തി. അയാൾ ആ കുഞ്ഞിനെ കയ്യിലേന്തി നടന്നകലുന്നു. വീട്ടിലേക്ക് കൊണ്ടുപോയി ഉമ്മറത്തു നിൽക്കുന്ന ഭാര്യയെ കാണിച്ചു പറഞ്ഞു "നമ്മുടെ കുഞ്ഞാണിത്". കുട്ടികളില്ലാത്തതിനാൽ അവർ ആ കുഞ്ഞിനെ ഇരു കൈകളും നീട്ടി സ്വീകരിച്ചു. അവൻ അവരുടെ മകനായി വളർന്നു. കുറച്ചു വർഷങ്ങൾ കഴിഞ്ഞ് കുഞ്ഞ് ആദ്യാക്ഷരം നുകരാൻ പോകുമ്പോൾ ആ സത്യം തുറന്നു പറഞ്ഞു. തങ്ങളുടെ മകനല്ലെന്ന സത്യം. കുഞ്ഞു മാനസികമായി തളർന്നു. തളർന്നു കിടക്കുന്ന കുഞ്ഞിനെ നോക്കി അവർ കരഞ്ഞു പിന്നീട് അവൻ സ്വന്തം അച്ഛനെയും അമ്മയും തേടാൻ തുടങ്ങി. തേടി തേടി അമ്മയെ കണ്ടെത്തി. അവൻ കണ്ട കാഴ്ച ഒരു മക്കളും കാണാത്തവണ്ണം ആയിരുന്നു. ഒരു കുട്ടിയും ഭർത്താവും അടങ്ങുന്ന ഒരു കുടുംബത്തിലെ അംഗമായിരുന്നു അമ്മ. ഇതറിഞ്ഞ നിമിഷം കുഞ്ഞ് ഒന്നും നോക്കാതെ കണ്ണുനിറഞ്ഞുകൊണ്ട് ആത്മഹത്യക്ക് കരം നീട്ടി.



ശിവദ

6 A